## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2926** | **22.02.2016-ൽ മറുപടിക്ക്**

### മാലിന്യ സംസ്ക്കരണത്തിന് നഗരസഭകൾക്ക് നൽകിയ നിർദ്ദേശങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി. തിലോത്തമൻ** | **ശ്രീ. മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി)** |
| (എ) മാലിന്യ സംസ്ക്കരണത്തിന് നഗര സഭകൾ നിർബന്ധമായും സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാമാണെന്ന് സർക്കാർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ, വിശദമാക്കുമോ ; | (എ) ഉണ്ട്. മാലിന്യങ്ങൾ അവ ഉൽപാദിപ്പിക്കപ്പെടുന്ന സ്ഥലത്ത് തന്നെ തരംതിരിക്കപ്പെടുന്നതിനും ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് പൊതു മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും, പൊതു പ്ലാന്റുകൾ ആധുനികവൽക്കരിക്കുന്നതിനും, അജൈവ മാലിന്യങ്ങൾ പുന:ചംക്രമണത്തിനായി കൈമാറുന്നതിനും, പുന:ചംക്രമണത്തിനായി കൈമാറുന്നതിലേയ്ക്ക് തരംതിരിച്ച് സംഭരിക്കുന്നതിനുള്ള മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സ്ഥാപിക്കുന്നതിനും ദ്രവമാലിന്യം സംസ്കരിക്കുന്നതിന് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കപ്പെടുന്നതിനും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആയതു പ്രകാരം ഉറവിട മാലിന്യ സംസ്കരണ പദ്ധതിക്കും, പൊതു മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും, ആധുനികവൽക്കരിക്കുന്നതിനും മെറ്റീരിയൽ റിക്കവറി പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കി വരികയും ചെയ്യുന്നുണ്ട്. 2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് പ്രകാരവും, 26-05-2015-ലെ സ.ഉ (കൈ)നം. 176/2015/തസ്വഭവ പ്രകാരവും മാലിന്യങ്ങൾ ഉറവിടത്തിൽ കൈകാര്യം ചെയ്യണമെന്ന് നിഷ്ക്കർഷിക്കുന്നുണ്ട്. |
| (ബി) പ്രസ്തുത നിർദ്ദേശങ്ങൾ പ്രകാരം നഗരസഭാ പ്രദേശത്ത് അടിഞ്ഞുകൂടുന്ന മാലിന്യങ്ങൾ ഒഴിവാക്കാനും സംസ്ക്കരിക്കാനും എന്തെല്ലാം നടപടികളാണ് നഗരസഭകൾ സ്വീകരിച്ചു വരുന്നത്, ഇത് വിലയിരുത്താൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | (ബി) പ്രസ്തുത നിർദ്ദേശങ്ങൾ പ്രകാരം നഗരസഭാ പ്രദേശത്ത് അടിഞ്ഞുകൂടുന്ന ജൈവ മാലിന്യങ്ങൾ വികേന്ദ്രീകൃതമായി ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് ഉറവിട മാലിന്യ സംസ്കരണ പദ്ധതിയും പൊതു മാലിന്യ സംസ്കരണ പ്ലാന്റുകൾ ഇല്ലാത്ത നഗരസഭകളിൽ ആയത് സ്ഥാപിക്കുന്നതിനും, പൊതു മാലിന്യ സംസ്കരണ പ്ലാന്റുകൾ ഉള്ള നഗര |

സഭകളിൽ ആയത് കുറ്റമറ്റതാക്കി ആധുനിക വൽക്കരിക്കുന്നതിനും അജൈവമാലിന്യങ്ങൾ ശേഖരിച്ച് പുന:ചംക്രമണത്തിനായി കൈമാറ്റുന്നതിനും താൽക്കാലിക സംഭരണ കേന്ദ്രങ്ങളായ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റിയും, പാക്കേജ് സെപ്റ്റേജ് ട്രീറ്റമെന്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ ആവശ്യാനുസരണം അതാത് നഗരസഭകൾ സ്വീകരിച്ച് വരുന്നുണ്ട്. പദ്ധതികളുടെ നടത്തിപ്പ് സർക്കാർ തലത്തിലും വകുപ്പ് തലത്തിലും ശുചിത്വമിഷൻ തലത്തിലും വിലയിരുത്തി വരുന്നുണ്ട്.

(സി) തെരുവുകളിൽ കുമിഞ്ഞുകൂടുന്ന അടുക്കള മാലിന്യങ്ങളും ഹോട്ടൽ മാലിന്യങ്ങളും ജനപങ്കാളിത്തത്തോടെ ശേഖരിച്ച്, സംസ്ക്കരിച്ച പാചക വാതകവും ജൈവവളവും ഉത്പാദിപ്പിക്കുന്ന പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ, വിശദമാക്കുമോ ?

(സി) തെരുവുകളിൽ മാലിന്യം പരമാവധി കുമിഞ്ഞുകൂടാതിരിക്കുന്നതിനുള്ള ഉറവിട മാലിന്യ സംസ്കരണ പദ്ധതിക്കാണ് പ്രോത്സാഹനം നൽകി വരുന്നത്. എന്നിരുന്നാലും പല നഗരസഭകളും തെരുവുകളിൽ പൗരന്മാർ വലിച്ചെറിയുന്ന മാലിന്യങ്ങൾ ശേഖരിച്ച് കമ്പോസ്റ്റിംഗ്, ബയോമെതനേഷൽ രീതികളിൽ സംസ്കരിച്ചു വരുന്നുണ്ട്. ഈ സംസ്കരണ രീതികളിലൂടെ പാചക വാതകവും ജൈവ വളവും ഉൽപാദിപ്പിക്കപ്പെടുന്നുണ്ട്. ഇക്കാര്യങ്ങളിൽ പരമാവധി ജനപങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ